# Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## സഹജീവിയെ സ്നേഹിച്ചാൽ ലോകം സന്തോഷഭരിതമാകും: ഫാ. ചിറമ്മൽ



മനുഷ്യരായി ജനിച്ചതുകൊണ്ടു മാത്രം ആരും മനുഷ്യരാകുന്നില്ലെന്നും അപരന് സഹായം ആവശ്യമുള്ളപ്പോൾ യഥാസമയം ലഭ്യമാക്കുമ്പോഴാണ് മനുഷ്യൻ മനുഷ്യനാകുന്നതെന്നും കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ ചെയർമാൻ ഫാ. ഡേവിസ് ചിറമ്മൽ. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പ്രതിഭാ പുരസ്കാരം ഗവർണർ സദാശിവത്തിൽനിന്നു ഏറ്റുവാങ്ങി പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മനുഷ്യനെ സ്നേഹിക്കാനുള്ള മനസുണ്ടായാൽത്തന്നെ ഈ ലോകം സുന്ദരമായി മാറും. നിഷ്കാമ കർമം ചെയ്യുമ്പോഴാണു ജീവിതം ധന്യമാകുന്നത്.

എല്ലാ സുഖവും ദുഃഖവും മരണത്തോടെ അവസാനിക്കും. എന്നാൽ, ജീവിതത്തിൽ നാം ചെയ്യുന്ന കർമം എല്ലാക്കാലത്തും നിലനിൽക്കും. സ്വന്തമെന്ന് ഒന്നും കരുതാതിരിക്കുകയും സ്വീകരിക്കുന്നതിനു പകരം ദാനം ജീവിതത്തിന്റെ ഭാഗമാക്കുമ്പോഴുമാണ് മനുഷ്യൻ മനുഷ്യനായി മാറുന്നതെന്ന് ഫാ. ഡേവിസ് ചിറമ്മൽ പറഞ്ഞു. സാമൂഹ്യപ്രവർത്തനം, ആതുരസേവനം എന്നീ മേഖലയിലെ പ്രവർത്തനങ്ങളാണ് ഫാ. ഡേവിസ് ചിറമ്മലിനെ പുരസ്കാരത്തിന് അർഹനാക്കിയത്.

കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ എന്ന പേരിൽ രൂപീകരിച്ച സംഘടനയിലൂടെ വൃക്കരോഗികൾക്കു വൃക്ക ലഭ്യമാക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ സജീവമാണ് ഫാ. ഡേവിസ് ചിറമ്മൽ. സ്വന്തം വൃക്ക ദാനം ചെയ്തു കൊണ്ടാണ് ഇദ്ദേഹം ഈ രംഗത്ത് സജീവമായത്. ആക്സിഡന്റ് കെയർ ആൻഡ് ട്രാൻസ്പോർട്ട് സർവീസ് (ആക്സ്) എന്ന പേരിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയുടെ സ്ഥാപകൻ കൂടിയാണ് ഫാ. ചിറമ്മൽ. വാഹനാപകടങ്ങളിൽപ്പെട്ടവരെയും മറ്റും ആശുപത്രികളിൽ എത്തിക്കുന്ന സന്നദ്ധ സേവന സംഘടനയാണ് ആക്സ്.
കടപ്പാട് : syromalabarchurch.in/